## മധുരമായ കുട്ടികളേ - ഈ ജന്മത്തെ പാപങ്ങളെ ലഘൂകരിക്കുന്നതിന് വേണ്ടി ബാബയോട് സത്യം-സത്യമായി കേൾപ്പിക്കൂ, മുൻ ജന്മങ്ങളിലെ വികർമ്മത്തെ യോഗാഗ്നിയിലൂടെ സമാപ്തമാക്കൂ

**ചോദ്യം:-** ഈശ്വരന്റെ സഹായിയാകുന്നതിന് ഏത് ചിന്ത വേണം?

**ഉത്തരം:-** നമുക്ക് ഓർമ്മയുടെ യാത്രയിലിരുന്ന് തീർച്ചയായും പാവനമാകണം. പാവനമാകുന്നതിന്റെ ചിന്ത വേണം. ഇതാണ് മുഖ്യ വിഷയം. ഏത് കുട്ടികളാണോ പാവനമാകുന്നത് അവർക്കാണ് ബാബയുടെ സഹായിയാകാൻ കഴിയുന്നത്. ബാബക്ക് തനിച്ച് എന്തു ചെയ്യാൻ കഴിയും, അതിനാൽ കുട്ടികൾക്ക് ശ്രീമത്തിലൂടെ തന്റെ യോഗബലത്തിലൂടെ വിശ്വത്തെ പാവനമാക്കി പാവന രാജധാനി സ്ഥാപിക്കണം. ആദ്യം സ്വയത്തെ പാവനമാക്കണം.

**ഓംശാന്തി**. ഇത് തീർച്ചയായും കുട്ടികൾ മനസിലാക്കുന്നുണ്ട് നമ്മൾ റിഫ്രഷാകുന്നതിന് ബാബയുടെ അടുത്ത് വന്നിരിക്കുകയാണ്. അവിടെ സെന്ററിൽ പോകുമ്പോൾ ഇങ്ങനെ മനസിലാക്കുന്നില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ട് ബാബ മധുബനിലാണ്. ബാബ മുരളി കേൾപ്പിക്കുന്നത് തന്നെ കുട്ടികൾക്ക് വേണ്ടിയാണ്. കുട്ടികളും മനസിലാക്കുന്നു നമ്മൾ മുരളി കേൾക്കുന്നതിന് മധുബനിൽ പോകുന്നു. മുരളി എന്ന വാക്ക് കൃഷ്ണനുമായി ബന്ധപ്പെട്ടതെന്ന് മനസ്സിലാക്കി വച്ചിരിക്കുന്നു. മുരളിക്ക് വേറെ യാതൊരു അർത്ഥവും ഇല്ല. നിങ്ങൾ കുട്ടികൾക്ക് ഇത് നല്ല രീതിയിൽ മനസിലായില്ലേ. ബാബ മനസിലാക്കി തന്നപ്പോൾ നിങ്ങൾ അനുഭവം ചെയ്യുന്നു, തീർച്ചയായും നമ്മൾ വളരെ അറിവില്ലാത്തവരായിരുന്നു. ഒരാളു പോലും സ്വയത്തെ അങ്ങനെ മനസിലാക്കുന്നില്ല. എപ്പോൾ ഇവിടെ വന്നോ അപ്പോൾ നിശ്ചയ ബുദ്ധിയുള്ളവരായി. തീർച്ചയായും നമ്മൾ തീരെ അറിവില്ലാത്തവരായിരുന്നു. നിങ്ങൾ സത്യയുഗത്തിൽ വളരെ അറിവുള്ളവർ, വിശ്വത്തിന്റെ അധികാരിയായിരുന്നു. വിഡ്ഢികൾക്ക് വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. ഈ ലക്ഷ്മി-നാരായണൻ വിശ്വത്തിന്റെ അധികാരിയായിരുന്നു, അത്രയും സമർത്ഥരായിരുന്നു. അതിനാലാണ് ഭക്തി മാർഗ്ഗത്തിലും പൂജിക്കപ്പെടുന്നത്. ജഢ ചിത്രം ഒന്നും തന്നെ സംസാരിക്കില്ല. ശിവബാബയുടെ പൂജ ചെയ്യുന്നു, എന്താ ബാബ വല്ലതും സംസാരിക്കുന്നുണ്ടോ! പൂജ ചെയ്യുന്നവർക്ക് പോലും ബാബയാണ് ഈ ജ്ഞാനം കേൾപ്പിക്കുന്നതെന്ന് അറിയില്ല. കൃഷ്ണനെ കുറിച്ച് മനസിലാക്കുന്നു - കൃഷ്ണൻ മുരളി വായിച്ചു. ആരുടെ പൂജയാണോ ചെയ്യുന്നത് അവരുടെ കർത്തവ്യത്തെ പൂർണ്ണമായും അറിയുന്നില്ല. എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ വരെ ഈ പൂജയും മറ്റും നിഷ്ഫലമാണ്. നിങ്ങൾ കുട്ടികളിൽ പലരും വേദ-ശാസ്ത്ര പുരാണങ്ങളൊന്നും പഠിച്ചിട്ടില്ല. ഇപ്പോൾ നിങ്ങളെ ഒരു സത്യമായ ബാബ പഠിപ്പിക്കുന്നു. നിങ്ങൾ മനസിലാക്കുന്നു തീർച്ചയായും സത്യം പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്. ബാബയെ സത്യമെന്നാണ് പറയുന്നത്. നരനിൽ നിന്നും നാരായണനാക്കുന്ന സത്യമായ കഥ കേൾപ്പിക്കുന്നു. അർത്ഥം ശരിയാണല്ലോ. സത്യമായ ബാബ വരുന്നു, ഇപ്പോൾ നരനിൽ നിന്നും നാരായണൻ ആക്കുന്നുവെങ്കിൽ തീർച്ചയായും സത്യയുഗം സ്ഥാപിക്കണമല്ലോ. പഴയ ലോകം കലിയുഗം തീർത്തും സ്ഥാപിക്കുന്നില്ല. കഥ കേൾക്കുന്ന സമയത്ത് ഒരാളുടെ ബുദ്ധിയിൽ പോലും വരുന്നതേയില്ല നമ്മൾ നരനിൽ നിന്നും നാരായണനാകും. ഇപ്പോൾ നിങ്ങളെ നരനിൽ നിന്നും നാരായണനാകുന്നതിനുള്ള രാജയോഗം പഠിപ്പിക്കുന്നു. ഇതും ഒരു പുതിയ കാര്യമല്ല. ബാബ പറയുന്നു ബാബ കൽപ-കൽപം വന്ന് ഇത് മനസിലാക്കി തരുന്നു. യുഗ-യുഗത്തിൽ എങ്ങനെ വരും? ബ്രഹ്മാവിന്റെ ചിത്രം കാണിച്ച് നിങ്ങൾ മനസിലാക്കി കൊടുക്കണം, ഇത് രഥമാണ്. ഇത് ഒരുപാട് ജന്മങ്ങളുടെ അന്തിമ പതിത ജന്മമാണ്. ഇപ്പോൾ ഈ ബ്രഹ്മാവും പാവനമാകുന്നു. നമ്മളും ആകുന്നു. യോഗബലത്തിലൂടെ അല്ലാതെ ഒരാൾക്കും പാവനമാകാൻ കഴിയില്ല. വികർമ്മം വിനാശമാകില്ല. നദിയിൽ മുങ്ങി കുളിക്കുന്നതിലൂടെ ആരും പാവനമാകുന്നില്ല. ഇത് യോഗ അഗ്നിയാണ്. വെള്ളം അഗ്നിയെ അണക്കുന്നതാണ്. അഗ്നി കത്തിക്കുന്നതാണ്. അപ്പോൾ വെള്ളം ഒരിക്കലും വികർമ്മം വിനാശമാക്കുന്ന അഗ്നിയാകുന്നില്ല. ഏറ്റവും അധികം ഗുരുക്കന്മാരെ സ്വീകരിച്ചതും, പുരാണങ്ങൾ പഠിച്ചതും ഈ ബ്രഹ്മാവ് തന്നെയാണ്. ഈ ജന്മം ഒരു പണ്ഡിതനെ പോലെയായിരുന്നു, പക്ഷേ അതിലൂടെ യതൊരു ലാഭവും ഇല്ല. പുണ്യാത്മാവ് ആകുന്നില്ല. പാപം തന്നെയാണ് ചെയ്തു വന്നത്. ബാബ മനസ്സിലാക്കി തരികയാണ് ആരാണോ സ്വയത്തെ കുട്ടി എന്ന് മനസ്സിലാക്കുന്നത്, അപ്പോൾ ഈ ജന്മം ഏതൊരു പാപമാണോ ചെയ്തത്, ബാബ സന്മുഖത്ത് വരുമ്പോൾ ചെയ്ത പാപ കർമ്മം പറയുക തന്നെ വേണം, അതിലൂടെ ഭാരരഹിതമായി മാറും. ഈ ജന്മത്തിലേത് ഭാരരഹിതമാക്കാം. ജന്മ - ജന്മാന്തരത്തെ ഏതൊരു പാപ കർമ്മത്തിന്റെ ഭാരമാണോ ശിരസ്സിൽ ഉള്ളത്, അതിനെ ഇറക്കുന്നതിന് പിന്നീട് പുരുഷാർത്ഥവും ചെയ്യണം. ബാബ യോഗത്തിന്റെ കാര്യം മനസ്സിലാക്കി

തരികയാണ്. യോഗത്തിലൂടെ വികർമ്മം വിനാശമാകും. ഈ കാര്യം ഇപ്പോൾ നിങ്ങൾ കേൾക്കുകയാണ്. സത്യയുഗത്തിൽ ഈ കാര്യങ്ങൾ ആരും കേൾപ്പിക്കുന്നില്ല. ഈ മുഴുവൻ ഡ്രാമയും ഉണ്ടാക്കപ്പെട്ടതാണ്. ഓരോ സെക്കന്റും ഈ മുഴുവൻ ഡ്രാമയും കറങ്ങികൊണ്ടിരിക്കുന്നു. ഒരു സെക്കന്റ് പോലെ അല്ല അടുത്ത സെക്കന്റ്. ഓരോ സെക്കന്റും ആയുസ്സ് കുറഞ്ഞു കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ആയുസ്സ് കുറയുന്നതിന് ബ്രേക്കിട്ട് യോഗബലത്തിലൂടെ ആയുസ്സ് വർദ്ധിപ്പിക്കന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ യോഗബലത്തിലൂടെ തന്റെ ആയുസ്സ് ഉയർന്നതാക്കണം. യോഗത്തിന് ബാബ വളരെ പ്രാധാന്യം നൽകുന്നു, എന്നാൽ പലരും മനസ്സിലാക്കുന്നില്ല. പറയുന്നു – ബാബാ ഞങ്ങൾ മറന്നു പോയി. ബാബ മനസ്സിലാക്കി തരികയാണ് യോഗം മറ്റൊന്നുമല്ല, ഓർമ്മയുടെ യാത്രയാണ്. ബാബയെ ഓർമ്മിച്ച്–ഓർമ്മിച്ച് പാപം ഇല്ലാതാകും, അന്തിമ മനം പോലെ ഗതിയുണ്ടാകും. ഇതിന്റെ മേൽ ഒരു ഉദാഹരണവും കാണിക്കുന്നുണ്ട്– ഒരാളോട് ആരോ പറഞ്ഞു താങ്കൾ പോത്താണ്. അപ്പോൾ മുതൽ ചിന്തിക്കാൻ തുടങ്ങി ഞാൻ പോത്താണ്. അദ്ദേഹത്തോട് പറഞ്ഞു – ഈ വാതിലിലൂടെ പുറത്ത് വരൂ. അപ്പോൾ പറഞ്ഞു ഞാൻ പോത്താണ്, എങ്ങനെ പുറത്തു വരും. പൂർണ്ണമായും പോത്തിനെപ്പോലെയായി മാറി. ഇത് ഒരു ഉദാഹരണം കാണിക്കുന്നതാണ്, അല്ലാതെ അങ്ങനെ സംഭവിക്കുന്നില്ല. ഇത് ഒരു യഥാർത്ഥ ഉദാഹരണവുമല്ല. എപ്പോഴും യഥാർത്ഥ കാര്യത്തിന്മേലാണ് ഉദാഹരണം കാണിക്കുന്നത്. ഈ സമയം ബാബ നിങ്ങൾക്ക് ഏതൊന്നാണോ മനസ്സിലാക്കി തരുന്നത് അത് പിന്നീട് ഭക്തി മാർഗ്ഗത്തിൽ ഉൽസവമായി ആഘോഷിക്കുന്നു. എത്ര ഉൽസവമാണ് ആഘോഷിക്കുന്നത്. ബാക്കി ഈ സമയം ഏതൊന്നാണോ സംഭവിക്കുന്നത് അത് ഉൽസവമായി മാറുന്നു. ഇവിടെ നിങ്ങൾ എത്ര സ്വച്ഛമാകുന്നു. ഉൽസവങ്ങളിൽ എത്ര അശുദ്ധരാകുന്നു, ശരീരത്തിൽ മണ്ണ് പൂശുന്നു. മനസ്സിലാക്കുന്നു പാപം ഇല്ലാതാകും. ഈ ബ്രഹ്മാ ബാബ സ്വയം ഇതെല്ലാം ചെയ്തു. നാസിക്കിലെ വെള്ളം എത്ര അഴുക്കാണ്. അവിടെ പോയി മണ്ണ് വാരി പൂശുന്നു. മനസ്സിലാക്കുന്നു പാപം എല്ലാം നശിച്ചു. പിന്നീട് ആ മണ്ണ് കഴുകി കളയുന്നതിന് നദിയിൽ പോയി കുളിക്കുന്നു. പണ്ടെല്ലാം വിദേശത്ത് ഏതെങ്കിലും വലിയ മഹാരാജാവ് പോകുമ്പോൾ ഒരു ചെറിയ മൺ കുടത്തിൽ ഗംഗാ ജലവും കൊണ്ടുപോയിരുന്നു. കപ്പലിൽ പോലും ആ ജലമാണ് കുടിക്കുന്നത്. പണ്ട് വിമാനം, കാർ ഇതൊന്നും തന്നെ ഉണ്ടായിരുന്നില്ല. 100 – 150 വർഷത്തിനുള്ളിൽ എന്തെല്ലാം ഉണ്ടായി. സത്യയുഗത്തിന്റെ ആരംഭത്തിലും ഈ സയൻസ് പ്രയോജനത്തിൽ വരും. അവിടെ കൊട്ടാരവും മറ്റും നിർമ്മിക്കുന്നതിന് സമയമെടുക്കില്ല. ഇപ്പോൾ നിങ്ങളുടെ ബുദ്ധി പവിഴ ബുദ്ധിയായി മാറുന്നു, അതിനാൽ എല്ലാ കാര്യവും സഹജമായി മാറും. ഏതുപോലെ ഇവിടെ മണ്ണുകൊണ്ട് ഇഷ്ടിക ഉണ്ടാക്കുന്നു, അതുപോലെ അവിടെ സ്വർണ്ണം കൊണ്ട് ഇഷ്ടിക ഉണ്ടാക്കും. ഇതിന്റെമേൽ ഒരു മായ മച്ഛന്ദർ എന്ന കളിയും കാണിക്കുന്നു. കാണിക്കുന്നതിന് വേണ്ടി അവർ നാടകമായും ഉണ്ടാക്കിയിരിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ തീർച്ചയായും സ്വർണ്ണത്തിന്റെ ഇഷ്ടിക തന്നെയാണ്. അതിനെ പറയുന്നത് തന്നെ ഗോൾഡൻ ഏജ് എന്നാണ്. ഇതിനെ പറയുന്നത് അയൺ ഏജ്. സ്വർഗ്ഗത്തെ എല്ലാവരും ഓർമ്മിക്കുന്നു. സ്വർഗ്ഗത്തിന്റെ ചിത്രങ്ങളും ശേഷിക്കുന്നുണ്ട്. ആദി സനാതന ധർമ്മമെന്ന് പറയുന്നുണ്ട് , എന്നാൽ പിന്നീട് ഹിന്ദു ധർമ്മം എന്ന് പറയുന്നു. ദേവത എന്നതിന് പകരം ഹിന്ദു എന്ന് പറയുവാൻ തുടങ്ങി, എന്തുകൊണ്ടെന്നാൽ വികാരിയായി, പിന്നീടെങ്ങനെ ദേവതയെന്ന് പറയും. നിങ്ങൾ സന്ദേശവാഹകരാണ് അതിനാൽ എവിടെ പോയാലും ഇത് മനസ്സിലാക്കി കൊടുക്കണം. ബാബയുടെ പരിചയം എല്ലാവർക്കും നൽകണം. ചിലർ വളരെ പെട്ടെന്ന് മനസ്സിലാക്കും ഇവർ പറയുന്നത് ശരിതന്നെയാണ്. തീർച്ചയായും രണ്ട് അച്ഛൻമാരുണ്ട്. ചിലർ പറയും പരമാത്മാവ് സർവ്വവ്യാപിയാണ്. നിങ്ങൾ മനസ്സിലാക്കി കൊടുക്കണം ഒരച്ഛനിൽ നിന്ന് പരിധിയുള്ള സമ്പത്ത് ലഭിക്കുന്നു. പാരലൗകിക അച്ഛനിൽ നിന്ന് 21 – ജന്മത്തേക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ഈ ജ്ഞാനവും ഇപ്പോഴാണുള്ളത്. അവിടെ ഈ ജ്ഞാനമുണ്ടായിരിക്കില്ല. സംഗമയുഗത്തിലാണ് സമ്പത്ത് ലഭിക്കുന്നത്, അത് പിന്നീട് 21 തലമുറ ഓരോ ജന്മങ്ങളിലായി രാജ്യം ഭരിക്കുന്നു. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയാകുന്നു. ഇത് നിങ്ങൾക്ക് ഇപ്പോഴാണ് അറിയുവാൻ കഴിയുന്നത്. ആരാണോ പക്കാ നിശ്ചയ ബുദ്ധി കുട്ടികൾ അവർക്ക് യാതൊരു സംശയവും ഉണ്ടായിരിക്കില്ല. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ശിവബാബ വരുമ്പോൾ തീർച്ചയായും സമ്പത്ത് നൽകും അതിനാൽ ബാബ പറയുന്നു ഈ ബാഡ്ജ് വളരെ നല്ലതാണ്. ഇത് തീർച്ചയായും അണിയണം. ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും വീട് വീടുകളിൽ സന്ദേശം എത്തിക്കണം. വിനാശം വരുമ്പോൾ മനസ്സിലാക്കും ഭഗവാൻ വന്നു. പിന്നീട് ആർക്കാണോ നിങ്ങൾ സന്ദേശം നൽകിയത്, അവർ ഓർമ്മിക്കും ആ വെള്ള വസ്ത്രധാരി മാലാഖ ആരായിരുന്നു? സൂക്ഷ്മ വതനത്തിലും നിങ്ങൾ ഫരിസ്തയെ കാണുന്നുണ്ടല്ലോ! നിങ്ങൾക്കറിയാം മമ്മയും–ബാബയും യോഗബലത്തിലൂടെയാണ് ഇങ്ങനെ ഫരിസ്തയായത്, നമ്മളും അതുപോലെ ആകും. ഈ എല്ലാ കാര്യങ്ങളും ബാബ ഈ ബ്രഹ്മാവിൽ പ്രവേശിച്ച് നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. നേരിട്ട് ജ്ഞാനം നൽകുന്നു. ഏതൊരു ജ്ഞാനമാണോ ബാബയിൽ ഉള്ളത് അത് നിങ്ങൾ കുട്ടികളിലും ഉണ്ട്.

എപ്പോൾ മുകളിലേക്ക് പോകുന്നോ അപ്പോൾ ജ്ഞാനത്തിന്റെ പാർട്ടും പൂർത്തിയാകും. പിന്നീട് എന്ത് പാർട്ട് ലഭിക്കുന്നുവോ ആ സുഖത്തിന്റെ പാർട്ട് അഭിനയിക്കുന്നു, ഈ ജ്ഞാനം മറന്നു പോകുന്നു.

അതിനാൽ നിങ്ങൾ കുട്ടികൾ എവിടെ പോയാലും നിങ്ങൾ സന്ദേശവാഹകരുടെ അടയാളമാണ് – ഈ ബാഡ്ജ് സദാ കൂടെ ഉണ്ടായിരിക്കണം. ഒരുപക്ഷേ ചിലർ കളിയാക്കാം. ഇതിൽ കളിയാക്കാവാൻ എന്തിരിക്കുന്നു. നിങ്ങൾ യഥാർത്ഥ കാര്യമാണ് കേൾപ്പിക്കുന്നത്. ഇത് പരിധിയില്ലാത്ത അച്ഛനാണ്. ആ ബാബയുടെ പേരാണ് ശിവബാബ, മംഗളകാരിയാണ്. വന്ന് സ്വർഗ്ഗം സ്ഥാപിക്കുന്നു. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഈ മുഴുവൻ ജ്ഞാനവും കുട്ടികൾക്ക് ലഭിക്കുകയാണ്. പിന്നെ എന്തിന് മറക്കണം. കാര്യം പൂർണ്ണമായും സഹജമാണ്. നടക്കുമ്പോഴും, ചുറ്റക്കറങ്ങുമ്പോഴും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കുക. ശാന്തിധാമം, സുഖധാമം. നിങ്ങൾ കുട്ടികൾ ഇവിടെ വന്ന് മുരളി കേട്ട് പിന്നീട് കേൾപ്പിക്കണം. കേവലം ഒരേഒരു ബ്രാഹ്മണി മാത്രം മുരളി കേൾപ്പിക്കണം, അങ്ങനെയല്ല. ബ്രാഹ്മണിക്ക് തനിക്ക് സമാനമാക്കി തയ്യാറാക്കണം, അപ്പോൾ ഒരുപാട് പേരുടെ മംഗളം നടക്കും. ഒരുപക്ഷേ ഒരു ബ്രാഹ്മണി എവിടെയെങ്കിലും പോകുകയാണെങ്കിൽ മററുള്ളവർക്ക് എന്താ സെന്റർ നടത്തികൊണ്ടു പോകാൻ സാധിക്കില്ലേ. എന്താ ധാരണ ചെയ്തിട്ടില്ലേ? വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിലും, പഠിപ്പിക്കുന്നതിലും താത്പര്യമുണ്ടായിരിക്കണം. മുരളി വളരെ സഹജമാണ്, ആർക്ക് വേണമെങ്കിലും ധാരണ ചെയ്ത് ക്ലാസ്സ് എടുക്കാം. ഇവിടെ ബാബ ഇരിക്കുന്നുണ്ട്. ബാബ കുട്ടികളോട് പറയുകയാണ് ഒരു കാര്യത്തിലും സംശയം വരാൻ പാടില്ല. ഒരു ബാബ എല്ലാം അറിയുന്നുണ്ട്. ഒരേയൊരു ലക്ഷ്യം, ഇതിൽ ഏന്തെങ്കിലും ചോദ്യം ചോദിക്കേണ്ട കാര്യമില്ല. രാവിലേയും ഇരുന്ന് കുട്ടികളെ ഓർമ്മയുടെ യാത്രയിൽ സഹായിക്കുന്നു. മുഴുവൻ പരിധിയില്ലാത്ത കുട്ടികളുടെയും കാര്യം ഓർമ്മയിലുണ്ട്. നിങ്ങൾ എല്ലാ കുട്ടികളുടേയും ഈ ഓർമ്മയുടെ സഹായത്തിലൂടെ മുഴുവൻ വിശ്വത്തേയും പാവനമാക്കണം, ഇതിൽ തന്നെയാണ് നിങ്ങൾ ഒരു വിരൽ സഹായിക്കുന്നത്. മുഴുവൻ ലോകത്തേയും പവിത്രമാക്കണമല്ലോ. അപ്പോൾ ബാബ എല്ലാ കുട്ടികളുടെ മേലും ദൃഷ്ടി വക്കുകയാണല്ലോ. എല്ലാവരും ശാന്തിധാമിലേക്ക് പോകും. എല്ലാവരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. ബാബ പരിധിയില്ലാത്തതിൽ തന്നെ ഇരിക്കും. മുഴുവൻ ലോകത്തേയും പാവനമാക്കാൻ ബാബ വന്നിരിക്കുന്നു. മുഴുവൻ ലോകത്തിനും പാവനമാകാൻ കറന്റ് നൽകി കൊണ്ടിരിക്കുന്നു. ആർക്കാണോ പൂർണ്ണമായും യോഗബലം ഉള്ളത് അവർ മനസ്സിലാക്കും ബാബ ഇപ്പോൾ ഓർമ്മയുടെ യാത്ര പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്, അതിലൂടെ വിശ്വത്തിൽ ശാന്തി ഉണ്ടാകും. കുട്ടികളും ഓർമ്മയിൽ ഇരിക്കുന്നുവെങ്കിൽ സഹായം ലഭിക്കും. സഹായി കുട്ടികളും വേണമല്ലോ. ഈശ്വരീയ സേവകർ, നിശ്ചയ ബുദ്ധി കുട്ടികൾ ഓർമ്മിക്കും. നിങ്ങളുടെ ആദ്യ സബ്ജക്ട് പാവനമാകുന്നതിന്റേതാണ്. അർത്ഥം നിങ്ങൾ കുട്ടികൾ ബാബയോടൊപ്പം നിമിത്തമാകുന്നു. ബാബയെ വിളിക്കുന്നു – അല്ലയോ പതിത-പാവനാ വരൂ. ഇപ്പോൾ ആ ബാബ തനിച്ച് എന്ത് ചെയ്യും? സഹായികളും വേണമല്ലോ. നിങ്ങൾ അറിയുന്നുണ്ട് നമ്മൾ വിശ്വത്തെ പവിത്രമാക്കി മുഴുവൻ വിശ്വത്തിലും രാജ്യം ഭരിക്കും. ബുദ്ധിയിൽ എപ്പോഴാണോ ഈ നിശ്ചയം വരുന്നത് അപ്പോൾ ലഹരി വർദ്ധിക്കും. നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട് നമ്മൾ ബാബയുടെ ശ്രീമതത്തിലൂടെ, തന്റെ യോഗബലത്തിലൂടെ തനിക്ക് വേണ്ടി രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലഹരി ഉണ്ടായിരിക്കണം. ഇത് ആത്മീയ കാര്യമാണ്. കുട്ടികൾ മനസ്സിലാക്കുന്നു എല്ലാ കൽപവും ബാബ ഈ ആത്മീയ ബലത്തിലൂടെ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ഇതും മനസ്സിലാക്കുന്നു ശിവബാബ വന്ന് സ്വർഗ്ഗം സ്ഥാപിക്കുന്നു. അതിനാൽ ഇപ്പോൾ ബുദ്ധിയിൽ ഈ ഓർമ്മയുടെ യാത്രയുടെ ചിന്തയായിരിക്കണം. പുരുഷാർത്ഥം ചെയ്യണം. ജോലിയും, മറ്റും ചെയ്യുമ്പോഴും ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ. സദാ ആരോഗ്യവാനാകുന്നതിന് വേണ്ടി ബാബ വളരെ വലിയ സമ്പാദ്യം ചെയ്യിപ്പിക്കുന്നു. ഈ സമയം എല്ലാം മറക്കണം. നമ്മൾ ആത്മാക്കൾ പൊയ്ക്കൊണ്ടിരിക്കുന്നു, ആത്മാഭിമാനിയാകുന്നതിന്റെ പ്രാക്ടീസ് ചെയ്യിപ്പിക്കുന്നു. എന്താ കഴിക്കുമ്പോഴും-കുടിക്കുമ്പോഴും, നടക്കുമ്പോഴും-ചുറ്റിക്കറങ്ങുമ്പോഴും ബാബയെ ഓർമ്മിക്കാൻ സാധിക്കില്ലേ, വസ്ത്രം കഴുകുമ്പോഴും ബുദ്ധിയോഗം ബാബയിലായിരിക്കണം. വളരെ സഹജമാണ്. ഇതും മനസ്സിലാക്കുന്നുണ്ട് 84 ജന്മത്തിന്റെ ചക്രം പൂർത്തിയായി. ഇപ്പോൾ ബാബ നമ്മൾ ആത്മാക്കളെ രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുന്നു. ഈ ലോകത്തിന്റെ ചരിത്രവും- ഭൂമിശാസ്ത്രവും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോരുത്തർക്കും ഡ്രാമയിൽ പാർട്ട് ലഭിച്ചിരിക്കുന്നു, അത് അഭിനയിച്ചു കൊണ്ടിരിക്കുന്നു. കുട്ടികൾക്ക് നിർദ്ദേശം ലഭിക്കുകയാണ് കുട്ടികളേ ബാബയെ ഓർമ്മിക്കൂ എങ്കിൽ സതോപ്രധാനമാകും. പിന്നീട് ഈ ശരീരവും ഉപേക്ഷിക്കും. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ ഇതാണുള്ളത് അതായത് നമ്മൾ ആത്മാവിന് സതോപ്രധാനമാകണം, എന്തുകൊണ്ടെന്നാൽ ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം. ബാബയെ നിരന്തരം ഓർമ്മിക്കണം. ആ നിരാകാരൻ ബാബ തന്നെയാണ് ജ്ഞാന സാഗരൻ. ആ ബാബ വന്ന് എല്ലാവർക്കും സദ്ഗതി നൽകുന്നു. ബാബ പറയുന്നു ബാബ സന്യാസിമാരെപോലും ഉദ്ധരിക്കുന്നു. നിങ്ങൾ ഇപ്പോൾ ഒരു ബാബയുമായി

യോഗം വയ്ക്കൂ. നിങ്ങൾ എല്ലാ ആത്മാക്കൾക്കും ബാബയിൽ നിന്ന് സമ്പത്ത് എടുക്കുവാനുള്ള അവകാശമുണ്ട്. സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ദേഹീ - അഭിമാനിയാകൂ, ബാബയെ നിരന്തരം ഓർമ്മിക്കൂ എങ്കിൽ പാപം ഇല്ലാതാകും. ശരി!

വളരെക്കാലത്തെ വേർപ്പാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. മുരളി കേട്ട് പിന്നീട് കേൾപ്പിക്കണം. പഠിക്കുന്നതിനോടൊപ്പം പഠിപ്പിക്കുകയും വേണം. മംഗളകാരിയാകണം. ബാഡ്ജ് സന്ദേശവാഹകരുടെ അടയാളമാണ്, ഇത് സദാ അണിഞ്ഞിരിക്കണം.

2. വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിന് വേണ്ടി ഓർമ്മയുടെ യാത്രയിൽ ഇരിക്കണം. ഏതുപോലെ ബാബയുടെ ദൃഷ്ടി പരിധിയില്ലാത്തതിൽ വയ്ക്കുന്നോ, മുഴുവൻ ലോകത്തേയും പാവനമാക്കുന്നതിന് കറന്റ് നൽകുന്നുവോ, അതുപോലെ അച്ഛനെ അനുകരിച്ച് സഹായിയാകണം.

## വരദാനം:- കർമ്മത്തിന്റെയും യോഗത്തിന്റെയും ബാലൻസിലൂടെ കർമ്മാതീത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന കർമ്മബന്ധന മുക്തരായി ഭവിക്കട്ടെ.

കർമ്മത്തിനോടൊപ്പം യോഗത്തിന്റെ ബാലൻസുണ്ടെങ്കിൽ ഓരോ കർമ്മത്തിലും സഫലത പ്രാപ്തമാകുന്നു. കർമ്മയോഗി ആത്മാവ് ഒരിക്കലും കർമ്മത്തിന്റെ ബന്ധനത്തിൽ കുടുങ്ങുകയില്ല. കർമ്മത്തിന്റെ ബന്ധനത്തിൽ നിന്ന് മുക്തമാകുന്നവരെത്തന്നെയാണ് കർമ്മാതീതരെന്ന് പറയുന്നത്. കർമ്മത്തിൽ നിന്ന് അതീതരാകുന്നതിനെയാണ് കർമ്മാതീതം എന്ന് പറയുന്നത് ശരിയല്ല. കർമ്മത്തിൽ നിന്ന് വേറെയല്ല, കർമ്മ ബന്ധനത്തിൽ കുടുങ്ങുന്നതിൽ നിന്ന് വേറിട്ടിരിക്കൂ. അങ്ങനെയുള്ള കർമ്മയോഗീ ആത്മാവ് തന്റെ കർമ്മത്തിലൂടെ അനേകരുടെ കർമ്മം ശ്രേഷ്ഠമാക്കുന്നവരായിരിക്കും. അവരെ സംബന്ധിച്ച് ഓരോ കർമ്മവും മനസ്സിനിഷ്ടപ്പെട്ടതായിരിക്കും, ബുദ്ധിമുട്ടിന്റെ അനുഭവം തോന്നുകയില്ല.

## സ്ലോഗൻ:- പരമാത്മാസ്നേഹം തന്നെയാണ് അമൃതവേളയിൽ ഉണർത്തുന്ന സമയത്തിന്റെ ഘടികാരം.